പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 2148 | 06/02/2019 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യവിഷബാധ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്തെ പല ഹോട്ടലുക ളില്ലും ബേക്കറികളില്ലും വൃത്തിഹീന മായ സാഹചര്യത്തിലാണ് പാചകം ചെയ്യുന്നതെന്നും ഇതുമൂലം ഭക്ഷ്യവിഷബാധ ഉണ്ടാകുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) & ബി) | സംസ്ഥാനത്തെ ഹോട്ടലുകളിലും ബേക്കറികളിലും ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ നിരന്തരമായി പരിശോധന നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ വൃത്തിഹീനമായ സാഹചര്യത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടെത്തിയാൽ ഇതു പരിഹരിക്കുന്നതിന് നോട്ടീസ് നൽകുകയും തുടർപരിശോധനയിൽ വൃത്തിഹീനമാണെന്ന് കണ്ടെത്തിയാൽ സ്ഥാപനം അടച്ചുപൂട്ടുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്തുവരുന്നു. കൂടാതെ എല്ലാ മാസവും മൂന്ന് ദിവസം തട്ടുകടകൾ, വഴിയോരവിൽപന കേന്ദ്രങ്ങൾ എന്നിവ കേന്ദ്രീകരിച്ച് രാത്രികാല പരിശോധനകളും നടത്തിവരുന്നുണ്ട്. |
| ബി) | ഇത്തരം സ്ഥാപനങ്ങൾ നിരന്തരമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ; | | |

| | | | |
|---|---|---|---|
| സി) | പ്രസ്തുത സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തി ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഏതെങ്കിലും സ്ഥലത്ത് ഭക്ഷ്യ വിഷബാധയുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമാണ് ആരോഗ്യവിഭാഗം റെയിഡ് നടത്തുന്നതെന്ന ആക്ഷേപം ഒഴിവാക്കുവാൻ ശക്തമായ ഇടപെടൽ ഉണ്ടാകുമോ; വ്യക്തമാക്കാമോ? | സി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് കൃത്യമായ ഇടവേളകളിൽ നിരന്തരം പരിശോധനകൾ നടത്തി ഭക്ഷ്യ സുരക്ഷാ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ